©
**കേരള സർക്കാർ**
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 8** Vol. VIII | **തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday | **2019 ജൂലൈ 17** 17th July 2019 **1194 കർക്കടകം 1** 1st Karkidakam 1194 **1941 ആഷാഢം 26** 26th Ashadha 1941 | **നമ്പർ** No. | **1606** |

കേരള സർക്കാർ

**തദ്ദേശസ്വയംഭരണ (ആർ. ഡി. ) വകുപ്പ്**

വിജ്ഞാപനം

സ.ഉ (അച്ചടി) നമ്പർ 42/2019/തസ്വഭവ.

*തിരുവനന്തപുരം, 2019 ജൂൺ 14.*
*1194 ഇടവം 31.*

**എസ്. ആർ. ഒ. നമ്പർ 475/2019**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13)-ലെ 2017-ാംവകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, സംസ്ഥാനത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലയങ്ങളെ പ്രസ്തുത ആക്റ്റിലെ 203-ാംവകുപ്പ് പ്രകാരം നൽകേണ്ടതായ വസ്തു നികുതിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടി, കെ. ജോസ് ,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 207-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിനും സർക്കാരിന്റെ അനുവാദത്തോടുകൂടി ഗ്രാമ പഞ്ചായത്തിനും, ആരുടെ ഉടമസ്ഥതയിലുമുള്ള ഏത് വിഭാഗം കെട്ടിടങ്ങളെയും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള നികുതിയോ ഉപനികുതിയോ കരമോ നൽകേണ്ടതിൽ നിന്ന് പൂർണ്ണമോയോ ഭാഗികമായോ ഒഴിവാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കേരളത്തിലെ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാൻ രൂപീകരിച്ച റിട്ടയർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ പരിഹാര നിർദ്ദേശങ്ങളിൽ തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 207-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സംസ്ഥാനത്തിലെ തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ പ്രസ്തുത ആക്റ്റിലെ 203-ാം വകുപ്പ് പ്രകാരം ചുമത്തേണ്ടതായിട്ടുള്ള വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.07.17 09:49:02 +05:30